

## ST VINCENT COLONY GIRLS HSS, KOZHIKODE

# ACADEMIC MASTER PLAN 2025-2026

LOVE & SERVICE

Email ID : stvincentcolonygirlshs@gmail.com
PHONE NUMBER: 04952770634

# <u>ഉള്ളടക്കം</u>


- ആമുഖം
- വിദ്യാലയ ചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ച്ചപ്പാട്
- പൊതുലക്ഷ്യങ്ങൾ
- അവസ്ഥാ വിശകലനം
- രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
- വിഷയ മേഖലകൾ
    - ✓ സങ്കലിത വിദ്യാഭ്യാസം
    - ✓ ഗൈഡൻസ് ആൻഡ് കൗൺസലിംഗ്
    - ✓ മലയാളം
    - ✓ ഇംഗ്ലീഷ്
    - ✓ ഹിന്ദി
    - ✓ മാനവിക ശാസ്ത്രം
    - ✓ അടിസ്ഥാന ശാസ്ത്രം
    - ✓ ഗണിതം
    - ✓ കമ്പ്യൂട്ടർ സയൻസ്
    - ✓ കൊമേഴ്സ്
    - ✓ കായിക വിദ്യാഭ്യാസം
    - ✓ പ്രവർത്തി പരിചയം
    - ✓ സംഗീത പഠനം
- പ്രവർത്തന കലണ്ടർ
- മോണിറ്ററിംഗ്
- പദ്ധതി ബജറ്റ്
- ഉപസംഹാരം

## ആമുഖം

കുട്ടികളുടെ പാഠ്യ പാഠ്യേതര തലങ്ങൾ മെച്ചപ്പെടുത്തി വിഷയസംബന്ധിയായും സർഗാത്മകമായും കഴിവുകൾ വികസിപ്പിക്കുന്നതു വഴി, സമൂഹത്തിലെ ഉന്നതശ്രേണിയിൽ ശ്ലാഘനീയമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തരാക്കാം. അധ്യാപക സമൂഹത്തിന്റെയും. അഭ്യുദയകാംക്ഷികളുടെയും കൂട്ടായ പ്രവർത്തനത്തിലൂടെയാണിത് സാധ്യമാകുന്നത്. ഇതിനായി ഞങ്ങളുടെ വിദ്യാലയം ആവിഷ്കരിച്ച പ്രവർത്തനങ്ങളുടെ തനതാവിഷ്കരണമാണ് ഈ പ്രസിദ്ധീകരണം

# വിദ്യാലയ ചരിത്രം

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മൂല്യങ്ങളും മനോഭാവവും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി നമ്മുടെ വിദ്യാലയത്തെ വളർത്തുക എന്ന ലക്ഷ്യം വെച്ചുകൊണ്ടാണ് ഞങ്ങൾ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. അറിവിനെ സ്കൂളിന്റെ പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, കാണാപാഠം പഠിക്കുന്ന രീതി ഒഴിവാക്കുക, പാഠപുസതകത്തിനപ്പുറത്തേക്ക് പഠന പ്രവർത്തനത്തെ വികസിപ്പിക്കുക, പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക, നിരന്തരമൂല്യനിർണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക. ഈ രൂപരേഖ തുടങ്ങിയ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻസഹായിക്കുന്നതാണ് വിദ്യാലയത്തിന്റെ തുടക്കവും ആദ്യകാല പ്രവർത്തനവും .

സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി സന്ന്യാസ സമൂഹം നടത്തി വരുന്ന ഒരു ന്യൂനപക്ഷ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനമാണ് സെന്റ് വിൻസെന്റ് കോളനി. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ കോഴിക്കോട് കോർപ്പറേഷനിലെ 64-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ഈ സരസ്വതി ക്ഷേത്രം 1944-ൽ ബ്രദർ സ്പിനലി എസ്.ജെ സ്ഥാപിച്ചതാണ്. അനാഥരും അശരണരും വിദ്യാഭ്യാസ സൗകര്യം കുറഞ്ഞവരുമായവർക്ക് സമഗ്രമായ വളർച്ചക്കുള്ള വേദിയൊരുക്കുക എന്നതായി രുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം 1956-ൽ അദ്ദേഹം സ്ഥാനമൊഴിയുകയും ഫാ.വെർഗോത്തിനി എസ്.ജെ. ഭരണസാരഥ്യം ഏറ്റെടുക്കുകയും ചെയ്തു. യുവതലമുറയുടെ ഭാസുരഭാവിക്കായി പ്രവർത്തിച്ച അദ്ദേഹം ഈ സ്ഥാപനത്തെ യശസ്സിലേക്കുയർത്തി. തുടർന്ന് 1972-ൽ ഈ സ്കൂളിന്റെ നടത്തിപ്പ് ചുമതല സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി സന്ന്യാസ സമൂഹത്തെ ഏൽപ്പിച്ചു. 1998-ൽ മലബാറിലെ പലയിടങ്ങളിലായി വിന്യസിച്ച് കിടന്നിരുന്ന സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന 5 സ്കൂളുകളെ ഹോളി റെഡിമേഴ്സ് എഡ്യുക്കേഷൻ എജൻസി എന്ന കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ കൊണ്ടു വരുകയും ചെയ്തു. പിന്നീട് ആർഷഭാരത സംസ്കാരത്തിന്റെ മൂല്യങ്ങളിൽ ഉറച്ചു നിന്നുകൊണ്ട് മുന്നേറിയ അറിവിൻ പ്രകാശഗോപുരമായ ഈ സ്ഥാപനത്തിന്റെ സാരഥ്യം വഹിച്ചത്.

പ്രധാനാധ്യാപികമാരായിരുന്ന സി. മറിയം വർഗ്ഗീസ്, സി.ജോസ് ഫിൻ,ശ്രീമതി ഏലമ്മ, സി.ലീല, സി.ബിയാട്രിസ്, സി.ഡെയ്സി, സി. മേരിപോൾ, സി.ഐറിൻ,ശ്രീമതി.ജസിന്ത,സി.സാലി,സി.ആനി ,സി.ജൂലിയാന, സി.ഡാലി, സി.റീന, ശ്രീമതി. ബിന്ദു എന്നിവരായിരുന്നു.

1944-ൽ ഒരു വർഷത്തെ അംഗീകാരത്തോടെ 5 ക്ലാസ്സുകൾ മാത്രമുള്ള ഒരു ലോവർ എലിമെന്ററി സ്കൂളായി പ്രവർത്തനം ആരംഭിച്ച്, 5 അധ്യാപകരും 60 വിദ്യാർഥികളുമായി തുടങ്ങിയ ഈ സ്ഥാപനം 1945-ൽ 6-ാം ക്ലാസ്സും 1946- ൽ 7-ാം 1947- ൽ 8-ാംക്ലാസ്സുമായി ഉയർന്നു 1947 ൽ തന്നെ ബേസിക് ട്രെയിനിംഗ് സ്കൂളും ആരംഭിക്കുകയുണ്ടായി. ഇതിനിടയിൽ സ്കൂളിന് സ്ഥിര അംഗീകാരം ലഭിക്കുകയും ചെയ്തു. തന്റെ കർമ്മ പഥത്തിൽ - 100% വിജയവുമായി ജൈത്രയാത്ര തുടർന്ന ഈ വിദ്യാലയം കോഴിക്കോട്ടുള്ള 21 എലിമെന്ററി സ്കൂളുകളിൽ പ്രഥമസ്ഥാനം അർഹിക്കുന്നു എന്ന ഇൻസ്പെക്ഷൻ റിപ്പോർട്ട് ലഭിച്ചു തുടർന്ന് 1958 ൽ ഇത് ഹൈസ്കൂളായി ഉയർന്നു.

**ഹയർ സെക്കണ്ടറി സ്കൂൾ**

2010-ൽ കോഴിക്കോട് നോർത്ത് എംഎൽ എ ശ്രീ പ്രദീപ് കുമാറിന്റെ പ്രത്യേക താല്പര്യ പ്രകാരം ഹയർ സെക്കണ്ടറി വിഭാഗം അനുവദിച്ച് കിട്ടി സിസ്റ്റർ മേരി ഐറിൻ പോളികാർപ്പായിരുന്നു ആദ്യത്തെ പ്രിൻസിപ്പൽ. 5 അധ്യാപകരുമായി ആരംഭിച്ച ഹയർ സെക്കണ്ടറി വിഭാഗത്തിൽ കോമേഴ്സ് ഹ്യുമാനിറ്റീസ് ഗ്രൂപ്പുകളാണ് ഉണ്ടായിരുന്നത്. 2011-ൽസയൻസ് ഗ്രൂപ്പ് അനുവദിച്ചു. 2012-ൽ ആദ്യബാച്ച് പുറത്തിറങ്ങി പഠനപാഠ്യേതര

വിഷയങ്ങളിൽ നമ്മുടെ വിദ്യാ ലയം മുന്നേറി കൊണ്ടിരിക്കുകയാണ്. ജില്ലാ സംസ്ഥാന മത്സരങ്ങളിൽ കുട്ടികൾ കൈവരിച്ച നേട്ടങ്ങൾ ഇതിന് തെളിവാണ്.

**കെട്ടിട സൗകര്യം**

1944-ൽ അത്യാവശ സൗകര്യങ്ങളോടെ ആരംഭിച്ച ഈ വിദ്യായത്തിൽ 5 ക്ലാസ്സുകൾ മാത്രമാണ് ഉണ്ടായിരുന്നത്. അധികം താമസിയാതെ മാനേജരായിരുന്ന ഫാ.വെർഗോത്തിനി മറ്റൊരു കെട്ടിടം നിർമ്മിച്ച് അധ്യാപനയോഗ്യമാക്കിത്തീർത്തു. കൂടാതെ ലൈബ്രറിയും ബുക്ക് ബൈന്റിംഗിന് ആവശ്യമായ സംവിധാനങ്ങളുമൊരുക്കി, വികസനത്തിലേക്കു കുതിച്ചു. ഇതിനോടനുബന്ധിച്ച് സൗപർണ്ണിക എന്ന പേരിൽ ഒരു ഓഡിറ്റോറിയവും പണി കഴിപ്പിച്ചു. ഇന്ന് 6000 -ൽ പരം പുസ്തകങ്ങളോടു കൂടിയ ഒരു ലൈബ്രറിയും റീഡിംഗ് റൂമും കുട്ടികൾക്ക് ഉപയോഗ പ്രദമായുണ്ട്. 2007-2008-ലെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് പ്രദീപ് കുമാർ എം.എൽ. എ നിർമ്മിച്ചു നൽകിയ കമ്പ്യൂട്ടർ ലാബും, സയൻസ് ലാബും,വിദ്യാലയത്തിലുണ്ട്.
2010 ലാണ് സെന്റ് വിൻസെന്റ് കോളനി ഹൈസ്കൂൾ ഹയർ സെക്കണ്ടറിയായി ഉയർത്തിയത് കെട്ടിടം പണിയുന്നതിനുള്ള സ്ഥല ലഭ്യത കുറവുമൂലം നിലവിലുണ്ടായിരുന്ന പള്ളി പൊളിച്ച് അവിടെയാണ് എച്ച്.എസ്.എസ്.കെട്ടിടം നിർമ്മിച്ചത് 2012 സെപ്റ്റംബർ 19 ന് ഹയർസെക്കണ്ടറിയുടെ ഔദ്യോഗിക ഉദ്ഘാടനം നടത്തി. നിലവിൽ ആറുക്ലാസ്സ റൂമുകളും,അഞ്ച് ലാബുകളുമായി സ്ഥാപനം പ്രവർത്തിച്ചു വരുന്നു.
പൊതു വിദ്യാഭ്യാസ യജ്ഞത്തോടനുബന്ധിച്ച് വിഭാവനം ചെയ്ത് നടപ്പിലാക്കിയ ഹൈടെക്ക് ക്ലാസ്സ് റൂമുകൾ ഹൈസ്കൂൾ വിഭാഗത്തിൽ 12 ഉം ഹയർസെക്കണ്ടറി വിഭാഗത്തിൽ 6 ഉം പ്രവർത്തിച്ചു വരുന്നു. കൂടാതെ പി.റ്റി. എ യുടെ സഹകരണത്തോടെ യു.പി വിഭാഗത്തിലെ 3 ക്ലാസു റൂമുകളും,മാനേജ്മെന്റിന്റെ സഹകരണത്തോടുകൂടി മറ്റ് 6 ക്ലാസുകളും സ്മാർട്ട് ക്ലാസ്സ് റൂമുകളായി മാറ്റിയിട്ടുണ്ട്.

നിലവിൽ നഗരത്തിന്റെ തിരക്കിൽ നിന്നൊഴിഞ്ഞ് പ്രശാന്ത സുന്ദരമായ അന്തരീക്ഷവും കർമ്മ നിരതരായ അധ്യാപകരുമായി ഈ സ്ഥാപനം കരുത്താർജിച്ചുകൊണ്ടിരിക്കുന്നു. തങ്ങളുടെ വിലപ്പെട്ട സംഭാവനകളിലൂടെ ഈ വിദ്യാലയത്തിന്റെ യശസ്സുയർത്തി കടന്നുപോയ പ്രധാനാധ്യാപികമാരുടെ പാതപിൻതുടർന്നു കൊണ്ട് ഹൈസ്കൂൾ വിഭാഗത്തിൽ ശ്രീമതി ലതിക പി എം കർമ്മനിരതയായി പ്രവർത്തിക്കുന്നു. അർപ്പണ ബോധമുള്ള 31 അധ്യാപരും 5 അനധ്യാപകരും ഈ സ്കൂളിന്റെ സമഗ്രവളർച്ചക്കുവേണ്ടി അക്ഷീണംപ്രയത്നിക്കുന്നു. അതോടൊപ്പം ഹയർ സെക്കണ്ടറി വിഭാഗത്തിൽ സി.അമലയുടെ നേതൃത്വത്തിൽ 17 അധ്യാപകരും രണ്ട് അനധ്യാപരും പ്രവർത്തിച്ചു വരുന്നു.

**ഉപസംഹാരം**

പട്ടണത്തിന്റെ ഹൃദയഭാഗത്ത് പ്രൗഢഗാംഭീര്യത്തോടെ തലയുയർത്തി നിൽക്കുന്ന ഈ വിദ്യാലയം സ്നേഹം ,സേവനം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി അതിന്റെ ജൈത്രയാത്ര തുടരുന്നു..

## വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്

പെൺ കരുത്ത് പിഞ്ചുനാൾ മുതൽ തിരിച്ചറിഞ്ഞ് വളർന്നുവരുവാനും സമൂഹത്തിൽ തന്റെ സ്ഥാനം മനസ്സിലാക്കി ലക്ഷ്യബോധമുള്ളവരായി മുന്നേറുവാനും കുട്ടികളെ പ്രാപ്തരാക്കുന്നതിലൂടെ, സ്കൂൾ തലത്തിൽ പാഠ്യപാഠ്യേതര വിഷയങ്ങളിൽ കൂടി നേടുന്ന വിജയങ്ങൾ ജീവിത ലക്ഷ്യ പ്രാപ്തിക്കായി ഉപയോഗപ്രദമാക്കി തീർക്കാൻ കുട്ടികളെ ഒരുക്കുന്നു, മാനസിക. വൈകാരിക, വൈജ്ഞാനിക, ശാരീരിക, സാംസ്കാരിക,ആത്മീയ, പഠന സാഹചര്യങ്ങൾ ഒരുക്കികൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർന്നു വന്ന് രാഷ്ട്ര സേവനത്തിൽ പങ്കാളികളാക്കാനും അവരെ പ്രാപ്തരാക്കുന്നു. അതുപോലെ ഭാഷാവിഷയങ്ങൾ അനായാസം കൈകാര്യം ചെയ്യുക.സർഗ്ഗ സൃഷ്ടിയിലൂടെ സാഹിത്യ ലോകത്തിൽ മികച്ച പ്രതിഭകളെ വാർത്തെടുക്കുക, ശാസ്ത്ര സാങ്കേതിക രംഗത്ത് മികച്ച സ്ഥാനങ്ങൾ നേടിയെടുക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ വെച്ചുകൊണ്ട് നമ്മുടെ വിദ്യാലയ പ്രവർത്തനങ്ങൾ മുന്നോട്ടു നീങ്ങുന്നു.

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തും.

2. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും,കായികവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന അന്തർ ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.

3. 6 വർഷത്തിനകം പത്താംതരം കഴിഞ്ഞിറങ്ങുന്ന എല്ലാ കുട്ടികളെയും കുറഞ്ഞത് ബി. ഗ്രേഡ് നിലവാരമെങ്കിലും കരസ്ഥമാക്കാൻ പ്രാപ്തരാക്കും

4. .വിദ്യാലയത്തിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളിലും സ്കൂളിന്റെ മോട്ടോ ആയ സ്നേഹം സേവനത്തിലൂടെ എന്ന ആശയം ഉറപ്പിക്കുന്ന വിധത്തിലുള്ള മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകും

5. 10-ാം തരം കഴിഞ്ഞിറങ്ങുമ്പോഴേക്കും എല്ലാ കുട്ടികളെയും ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നീ ഭാഷകൾ എഴുതാനും വായിക്കാനും സംസാരിക്കാനും പ്രാപ്തരാക്കും

6. പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾകൊണ്ട് ലഭ്യമാക്കും.

7. കുട്ടികൾക്കായി കൗൺസലിംഗ് ഗൈഡൻസ് സൗകര്യം ലഭ്യമാക്കും.

8. ഉന്നതനിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും

9. ലഹരിമുക്ത വിദ്യാലയാങ്കണം എന്ന കാഴ്ച്ചപ്പാട് യാഥാർത്ഥ്യമാക്കും

10. വിദ്യാലയത്തിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ശുചിത്വമുള്ള അന്തരീക്ഷം, പോഷകാഹാരം ശുദ്ധജലം എന്നിവ ലഭ്യമാക്കും

11. ഗൈഡ്സ്. ജൂനിയർ റെഡ്ക്രോസ് എൻ.എസ്.എസ്. കെ.സി എസ്. എൽ മറ്റു ക്ലബുകൾ എന്നിവയുടെ പ്രവർത്തനങ്ങളിലൂടെ കുട്ടികളെ സാമൂഹികപ്രതിബദ്ധതയും മൂല്യബോധവും ആത്മവിശ്വാസവും ഉള്ളവരാക്കും.

12. പഠനം ആകർഷകവും സർഗ്ഗാത്മകവും, ആനന്ദദായകവും ആകുന്ന വിധത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും.

13. ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുത്ത് ജൈവ വൈവിധ്യ ഉദ്യാനം എന്ന ആശയം സ്കൂളിൽ ഒരുക്കും.

14. രണ്ട് വർഷത്തിനുള്ളിൽ 45 കുട്ടികളെയെങ്കിലും യുഎസ്.എസ് സ്കോളർഷിപ്പ്
നേടാൻ പ്രാപ്തരാക്കും.

## അവസ്ഥാ വിശകലനം

**ഭൗതികം**

**മികവുകൾ**

- ശാന്തസുന്ദരവും ജൈവ വൈവിധ്യ സമ്പുഷ്ടവുമായ വിദ്യാലയാങ്കണം
- ശാസ്ത്ര സാങ്കേതിക വിദ്യകൾ ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്വാധീനം പുലർത്തുന്ന ഈ കാലത്ത് ക്ലാസ്സ് റൂമുകൾ ഹൈടെക്ക് ആക്കി മാറ്റിയിരിക്കുന്നു.
- കുട്ടികളുടെ ശാരീരികവും മനസികവമായ ഉല്ലാസത്തിനു വേണ്ടിയും, ചെറിയ പ്രായത്തിൽ തന്നെ കുട്ടികളുടെ വിവിധ തരത്തിലുള്ള കായിക അഭിരുചി വളർത്തിയെടുക്കുവാൻ, വിശാലമായ കളിസ്ഥലം ഒരുക്കിയിട്ടുണ്ട്
- പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസായി സ്കൂളിനെ ഉയർത്തിയിട്ടുണ്ട്.
- ഹൈടെക്ക് ആയ ക്ലാസ്സ്മുറികളും കമ്പ്യൂട്ടർ ലാബും ഉപയോഗിക്കുന്ന സാഹചര്യത്തിൽ വരുന്ന ഭാരിച്ച വൈദ്യുതബിൽ ഒരു വെല്ലുവിളിയായിരുന്നു ഇതിന്റെ ശാശ്വത പരിഹാരത്തിനായി സൗരോർജ പാനലുകൾ സ്ഥാപിച്ചു.
- കുട്ടികളുടെ പഠനത്തിനുതകും വിധം സജീകരിച്ച സയൻസ് ,കമ്പ്യൂട്ടർ ലാബുകൾ സജീവമായി പ്രവർത്തിച്ചു വരുന്നു.
- ആറായിരത്തിലധികം പുസ്തകങ്ങളോടു കൂടിയ ഒരു ലൈബ്രറിയും റീഡിംഗ് റൂമും കുട്ടിൾക്കായി ഉണ്ട്.
- നഗരത്തിന്റെ തിരക്കിൽ നിന്നൊഴിഞ്ഞ് സ്ഥിതി ചെയ്യുന്ന വിദ്യാലയത്തിൽ അനായാസം എത്തിചേരുന്നതിനായി 7 സ്കൂൾ ബസ്സുകൾ ലഭ്യമാണ്.
- വൃത്തിയും വെടിപ്പും സൗകര്യവുമുള്ള ഒരു നല്ല അടുക്കളയും വർഷം മുഴവൻ ശുദ്ധജലം ലഭ്യമാകുന്ന കിണറും, മഴവെള്ളസംഭരണിയും ഞങ്ങളുടെ വിദ്യാലയത്തിൽ ഉണ്ട്.
- ആയിരത്തിലധികം പെൺകുട്ടികൾ പഠിക്കുന്ന യു.പി.എച്ച്.എസ് തലത്തിൽ ആവശ്യമായ ഗേൾസ് ഫ്രണ്ട്ലി ശുചിമുറികൾ ഉണ്ട്.

## പരിമിതികൾ

- പാഠ്യപാഠ്യേതര രംഗങ്ങളിലെ പ്രവർത്തനങ്ങൾക്ക് സഹായകമാകും വിധത്തിലുള്ള റിസോഴ്സ് റൂം,ലാംഗ്വേജ് റൂം,വായനാമുറി, ഭോജനശാല,കലാ പ്രവർത്തി പരിചയമുറി,കൗൺസലിംഗ് ഗൈഡൻസ് റൂം, വിശ്രമമുറി എന്നിവയുടെ അഭാവം പരിഹരിക്കേണ്ടതുണ്ട്
- ഹയർ സെക്കണ്ടറി വിഭാഗത്തിൽ കുട്ടികളുടെ എണ്ണത്തിനനുപാതമായി കമ്പ്യൂട്ടറുകളും,11 കെ.വി താങ്ങാവുന്ന യു.പി.എസ് സംവിധാനവും ഒരുക്കേണ്ടതുണ്ട്.
- നീന്തൽ കുളം, മൾട്ടി പർപ്പസ് ഇൻഡോർസ്റ്റേഡിയം എന്നിവ നീണ്ടകാലമായുള്ള ഞങ്ങളുടെ സ്വപ്നമാണ്.
- നിലവിലുള്ള ഓഡിറ്റോറിയം നവീകരിച്ച് മോടിപിടിപ്പിക്കേണ്ടതുണ്ട്.
- ഇ റീഡിംഗ് പുരോഗമിച്ച കാലഘട്ടത്തിൽ ഇ ബുക്കുകളും ഡിജിറ്റലൈസ്ഡ് ലൈബ്രറികളും അത്യന്താപേക്ഷിതമാണ്.

**അക്കാദമികം**

**മികവുകൾ**

- ആത്മാർത്ഥയും അർപ്പണവ മനോഭാവവുമുള്ള അധ്യാപകരും അനധ്യാപകരും ഞങ്ങളുടെ മുതൽക്കൂട്ടാണ്.
- പാഠ്യപാഠ്യേതര രംഗങ്ങളിൽ മികവു പുലർത്തുന്നതിനാൽ ഓരോ വർഷവും പ്രവേശനംനേടുന്ന കുട്ടികളുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുന്നു.
- ഓരോ വർഷവും സ്കൂളിൽ എത്തുന്ന കുട്ടികളിൽ ഒരാൾ പോലും കൊഴിഞ്ഞുപോകാതെ
- അടുത്ത ക്ലാസ്സുകളിൽ പ്രവേശനം നേടുന്നു.
- പത്താം തരത്തിൽ പരീക്ഷയെഴുതുന്ന കുട്ടികൾ വർഷങ്ങളായി നൂറു ശതമാനം വിജയം
- കരസ്ഥമാക്കുന്നു. ശൈശവദശ പിന്നിടുന്ന ഹയർ സെക്കണ്ടറി വിഭാഗത്തിലും
- തിളക്ക മാർന്ന വിജയം കൈവരിച്ചുകൊണ്ടിരിക്കുന്നു.
- സ്കൂൾതല,ജില്ലാതല,സംസ്ഥാന തല കലോത്സവങ്ങളിൽ ഒന്നാം സ്ഥാനവും അഭിമാനാർഹമായ നേട്ടങ്ങളും കൈവരിക്കുന്നു.
- നീന്തൽ,കരാട്ടേ,കിക്ക് ബോക്സിംഗ്,സ്കേറ്റിംഗ്,ഖോ-ഖോ, കളരി, ബോക്സിംഗ്, ബാഡ്മിന്റൺ, ഫുട്ബോൾ, ചെസ് തുടങ്ങിയ കായിക ഇനങ്ങളിൽ വിദ്യാർത്ഥികൾ അന്താരാഷ്ട്ര ദേശീയ സംസ്ഥാന ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കുകയും സമ്മാനാർഹരാവുകയും ചെയ്യുന്നു.
- എല്ലാ വർഷങ്ങളിലും ഗൈഡ്സ്, രാഷ്ട്രപതി,രാജ്യ പുരസ്കാർ അവാർഡുകൾ നേടുന്നു
- ശാസ്ത്ര മേളകളിലും പ്രവർത്തി പരിചയ മേളകളിലും വിവധതലങ്ങളിൽ കുട്ടികൾ പങ്കെടുക്കുകയും നേട്ടങ്ങൾ കൈവരിക്കുയും ചെയ്യുന്നു.
- പ്രത്യേക പരിഗണന ആവശ്യമായി വരുന്ന കുട്ടികൾക്ക് കൗൺസലിംഗ് ആൻഡ് ഗൈഡൻസ് സൗകര്യം കൈത്താങ്ങായി നൽകുന്നു.
- ഹയർ സെക്കണ്ടറി വിഭാഗത്തിൽ സ്കൂൾ സംബന്ധമായ എല്ലാ വിവരങ്ങളും രക്ഷിതാക്കളിൽ എത്തിക്കുന്ന മൊബൈൽ ആപ്പ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു.
- കുട്ടികളുടെ ശ്രദ്ധ മാനസികാരോഗ്യം എന്നിവ വർദ്ധിപ്പിക്കുന്നതിനായി യോഗപരിശീലിപ്പിക്കുന്നു.
- കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനായി ആഴ്ചയിൽ രണ്ടു ദിവസം കരാട്ടെ പരിശീലിപ്പിക്കുന്നു.

**പരിമിതി**

- ✓ 5 മുതൽ 12 വരെ ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും അവരുടെ പരമാവധിയിൽ നേടാൻ കഴിയുന്നില്ല.
- ✓ ക്ലാസ്സ് ലൈബ്രറികൾ വേണ്ടത്ര പുസ്തകങ്ങളോടെ സജ്ജമാക്കാൻ കഴിയുന്നില്ല.
- ✓ ഉപരിപഠന സാധ്യതകൾ. തൊഴിൽ അവസരങ്ങൾ നൈപുണിശേഷി വികാസം എന്നിവ
- ✓ സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് ധാരണ കുറവാണ്
- ✓ ക്ലബ് പ്രവർത്തനങ്ങൾ പഠനപ്രവർത്തനത്തിന്റെ ഭാഗമായി മാറ്റേണ്ടതുണ്ട്.
- ✓ ഭിന്നശേഷിക്കാരുടെ നിലവാരത്തിൽ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ബുദ്ധിമുട്ട് നേരിടും.
- ✓ ഭാഷാവിഷയങ്ങളിൽ (ഇംഗ്ലീഷ് ഹിന്ദി) ആശയവിനിമയം നടത്താനുള്ള ശേഷി
- ✓ വർദ്ധിപ്പിക്കേണ്ടതുണ്ട്.
- ✓ പരിസരം പാഠപുസ്തകമാണെന്ന് തിരിച്ചറിയുന്നില്ല.
- ✓ കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികൾക്കും പങ്കാളിത്തംഉറപ്പാക്കേണ്ടതുണ്ട്.

- ✓ അധ്യാപകർക്കും കുട്ടികൾക്കും അവരുടെ സർഗ്ഗശേഷി പ്രകടിപ്പിക്കുന്നതിനുള്ള അവസരം കുറവാണ്.
- ✓ മികവു പുലർത്തുന്ന കുട്ടികൾക്ക് മികച്ച പഠനാനുഭവങ്ങൾ നൽകാനുള്ള ശ്രമം വർദ്ധിപ്പിക്കണം
- ✓ സാമ്പത്തിക പിന്നോക്കാവസ്ഥയും പരിമിതമായ പഠനസൗകര്യത്തോടു കൂടിയ ഗൃഹാന്തരീക്ഷവും പഠന പിന്നോക്കാവസ്ഥക്ക് കാരണമാവുന്നു.
- ✓ ക്യാപിറ്റേഷൻ ഫീസ് വാങ്ങാതെ കഴിവിന്റെ അടിസ്ഥാനത്തിൽ മാത്രം അധ്യാപക നിയമനം നടത്തുന്ന ഈ സ്ഥാപനത്തിൽ സ്കൂൾ ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തികം എന്നും വെല്ലുവിളി നിറഞ്ഞതാണ്.

## രൂപീകരണ പ്രക്രിയ

ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുക എന്ന ലക്ഷ്യമാണ് വിദ്യാഭ്യാസ സംരക്ഷണ യജ്ഞം മുന്നോട്ട് വയ്ക്കുന്നത് .ഓരോ കുട്ടികളുടെയും അറിവും കഴിവും അതത് പ്രായത്തിന് അനുസൃതമായി കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിലൂടെ മാത്രമേ ഇത് കൈവരിക്കാൻ സാധിക്കൂ .ഇതിനായി അക്കാദമിക പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട് . ഇങ്ങനെ ഞങ്ങളുടെ സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ ആസൂത്രണ രേഖയാണ് ഈ മാസ്റ്റർ പ്ലാൻ .അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ 30/05/2025 ന് സ്കൂൾ ഹെഡ്മിസ്ട്രസ് എസ് ,ആർ ജി കൺവീനർമാർ എന്നിവരുടെ നേതൃത്വത്തിൽ യോഗം ചേരുകയും അക്കാദമിക മാസ്റ്റർ പ്ലാനും അതോടൊപ്പം സമഗ്ര വിദ്യാഭ്യാസ ഗുണമേന്മ പദ്ധതിയുടെ ആശയ ലക്ഷ്യങ്ങളെയും മുൻനിർത്തി കൊണ്ട് അക്കാദമിക മാസ്റ്റർ പ്ലാൻ അധ്യാപകരുടെ ഗ്രൂപ്പ് ചർച്ചയിലൂടെ രൂപീകരിക്കപ്പെട്ടു .സമിതികൾ ചേർന്ന് അത് വിഷയങ്ങളുടെ കാഴ്ചപ്പാട്,ലക്ഷ്യങ്ങൾ ,പ്രശ്നങ്ങൾ എന്നിവ നിർണ്ണയിച്ച് ആവശ്യമായ പഠനപ്രവർത്തനങ്ങൾ രൂപീകരിച്ചു .യോഗത്തിന്റെ രണ്ടാംഘട്ടത്തിൽ വിഷയ അടിസ്ഥാനത്തിൽ പ്ലാനുകൾ  അവതരിപ്പിക്കുകയും ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തുകയും ചെയ്തു .സ്കൂൾ പ്രഥമ അധ്യാപികയുടെ അധ്യക്ഷതയിൽ മാസ്റ്റർപ്ലാന്റെ കരട് അവതരിപ്പിച്ചു. ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തി പ്രസിദ്ധീകരണ യോഗ്യമാക്കി

## വിഷയമേഖലകൾ

വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനായി വിവിധ വിഷയങ്ങൾക്കായുള്ള പ്രവർത്തനങ്ങളെ സമയബന്ധിതവും സർഗാത്മകവുമായി ചിട്ടപ്പെടുത്തേണ്ടതുണ്ട് ഈ അധ്യായത്തിൽ അടുത്ത ആറു വർഷംകൊണ്ട് പൂർത്തിയാക്കുന്ന പ്രവർത്തന പദ്ധതികളുടെ വിശദാംശങ്ങളാണുള്ളത്. സങ്കലിത വിദ്യാഭ്യാസം,കൗൺസലിംഗ് ആൻഡ് ഗൈഡൻസ്, മലയാളം,ഇംഗ്ലീഷ്, ഹിന്ദി,മാനവികശാസ്ത്രങ്ങൾ, അടിസ്ഥാന ശാസ്ത്രം, ഗണിത ശാസ്ത്രം, കംമ്പ്യൂട്ടർ, സയൻസ്,കൊമേഴ്സ് കലാ,കായിക,പ്രവർത്തിപരിചയം എന്നീ മേഖലകളാണുള്ളത്.നിശ്ചിത വിഷയങ്ങളുമായി ബന്ധപ്പെട്ട അക്കാദമിക പ്രവർത്തനങ്ങളെ താഴെ പറയും വിധം ക്രമീകരിച്ചിരിക്കുന്നു.

ഫോർമാറ്റ് 1(പ്രശ്ന വിശകലനം)

ഫോർമാറ്റ് 2 (പരിഹാര പ്രവർത്തനങ്ങളുടെ വിശകലനം, വിശദാംശം, ചുമതല, സാമ്പ

ത്തികം,ഏജൻസി

# സങ്കലിത വിദ്യാഭ്യാസം

കാഴ്ചപ്പാട്

ഭിന്നശേഷിയുള്ള കുട്ടികളോട് സമൂഹവും സംവിധാനവും സഹപാഠികളും സഹാനുഭൂതിയോടെയാണ് സമീപിക്കുന്നത്. അതിന്റെ ഭാഗമായാണ് വിദ്യാലയത്തിൽ വ്യക്തിഗതമായ അവരുടെ പ്രത്യേക ആവശ്യങ്ങളെ മുൻനിർത്തി അവരെ സഹായിക്കുന്ന തരത്തിൽ പഠനാന്തരീക്ഷവും, അനുരൂപീകരണവും, സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ഒക്കെ ഒരുക്കിയിരിക്കുന്നത്. എങ്കിലും ഈ മേഖലയിൽ ഇനിയും ഏറെ ദൂരം മുന്നേറാനുണ്ട്. ആളുകളുടെ മനോഭാവത്തിൽ ഇനിയും മാറ്റം വന്നാൽ അവർക്ക് തുല്യനീതി ലഭിക്കുന്നതിന് സഹായകമാകും. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ആത്മവിശ്വാസവും ആത്മാഭിമാനവും ഉയർത്തുന്നതിനും അവരെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും നിരവധി പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ മറ്റു പ്രവർത്തനങ്ങളെ പോലെ പ്രാധാന്യത്തോടെ ഉൾപ്പെടുത്തേണ്ടതുണ്ട്.

ലക്ഷ്യങ്ങൾ

1, അടിസ്ഥാന ശേഷികൾ എല്ലാ പ്രത്യേക ആവശ്യം ഉള്ള കുട്ടികൾക്കും നേടാൻ കഴിയുന്ന രീതിയിൽ പരിശീലനം ലഭ്യമാക്കണം.
2. പരിഹാരബോധന ക്ലാസ്സ് കൂടുതൽ ഊർജ്ജിതമാക്കണം.
3. പരിഹാരബോധന ക്ലാസ്സ് നടത്തുന്നതിന് ആവശ്യമായ റിസോഴ്സ് റൂമിന്റെയും പഠനബോധന സാമഗ്രികളുടെയും ലഭ്യത ഉറപ്പുവരുത്തണം.
4. സ്കൂളിലെ കലാമേളകളിലും കായിക മേഖലകളിലും ഭിന്നശേഷി കുട്ടികളുടെ കഴിവിന് അനുസരിച്ചുള്ള പങ്കാളിത്തം ഉറപ്പുവരുത്തണം.
5. സ്കൂളിലെ അക്കാദമിക പ്രവർത്തനത്തിൽ എന്നപോലെ ക്ലബ്ബ് പ്രവർത്തനത്തിലും ക്ലാസ്സ് സഭ പോലെയുള്ള പ്രവർത്തനങ്ങളിലും പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികളുടെ പങ്കാളിത്തം ഉണ്ട് എന്ന് ഉറപ്പുവരുത്തണം.

അവസ്ഥ പഠനം

മേഖല :റിസോഴ്സ് റൂം പ്രവർത്തനം

| | | |
|---|---|---|
| ആഴ്ചയിൽ നാല് ദിവസം സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനം ലഭിക്കുന്നു | വിദ്യാലയത്തിൽ നിലവിൽ റിസോഴ്സ് റൂം സൗകര്യം ഇല്ല. | പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നു. 30% |

മേഖല: അക്കാദമികം

| | | |
|---|---|---|
| അധ്യാപകർ അതാത് വിഷയത്തിൽ ക്ലാസ് റൂം പ്രവർത്തനത്തിൽ നടത്തുന്ന അനുരൂപീകരണം 40% | സ്പെഷ്യൽ എജുകേറ്ററുടെ സഹായത്തോടെ പ്രശ്നം പരിഹരിക്കുന്നു. 40% | ക്ലാസ് റൂമിൽ നിലവിൽ കുട്ടികളുടെ എണ്ണം കൂടുതലായതുകൊണ്ട് ഈ അവസ്ഥ സാധ്യമല്ല. |

മേഖല: പരിഹാരബോധന ക്ലാസ്

| | | |
|---|---|---|
| എല്ലാ കുട്ടികൾക്കും വ്യക്തിഗത | അധ്യാപകരുടെ | പ്രധാന അധ്യാപികയും അതാത് |

| | | |
|---|---|---|
| സപ്പോർട്ട് സ്പെഷ്യൽ എഡ്യൂക്കേറ്റർ ഉറപ്പുവരുത്തുന്നു.<br><br>35% | സഹായത്തോടെ പ്രശസ്ത് സ്ക്രീനിംഗ് ടൂൾ വഴി കുട്ടികളുടെ പ്രശ്നങ്ങൾ നേരത്തെ തിരിച്ചറിഞ്ഞ് കൃത്യമായ അസ്സസ്മെന്റ് നടത്തി അവരെ മികവിലേക്കെത്തിക്കുന്നു.<br><br>35% | ക്ലാസ് അധ്യാപകരും സ്പെഷ്യൽ എജ്യുകേറ്ററും ഒത്തൊരുമിച്ച് രക്ഷിതാക്കൾക്ക് അവർ എങ്ങനെയാണ് കുട്ടികളുടെ നിലവാരം ഉയർത്തുന്നതിന് ഇടപെടേണ്ടത് എന്ന വ്യക്തമായ ധാരണ നൽകുന്നു.<br>30% |

മികവുകൾ

1. സ്കൂൾ കലോത്സവങ്ങളിലും കായികമേളയിലുമുള്ള പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പങ്കാളിത്തം.
2. ആത്മവിശ്വാസത്തോടെ പരിപാടി

അവതരിപ്പിക്കാൻ ഇപ്പോൾ കുട്ടികൾക്കുള്ള ആത്മവിശ്വാസം.

3. 70% കുട്ടികളുടെയും എഴുത്തും വായനയും മെച്ചപ്പെടുത്താൻ കഴിഞ്ഞു.

പോരായ്മകൾ

- ക്ലാസ് റൂമുകളിൽ കുട്ടികളുടെ എണ്ണം കൂടുതൽ ആയത് അനുരൂപീകരണ പ്രവർത്തനം ഫലപ്രദമായി നടത്താൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
- റിസോർസ് റൂം ലഭ്യമാവാത്തതിനാൽ പരിഹാരബോധന ക്ലാസുകളുടെ സ്ഥിരമായ ഇടപെടലുകൾ നടത്താൻ പ്രയാസപ്പെടുന്നു.
- അനുരൂപീകരിച്ച ചോദ്യപേപ്പർ പരീക്ഷാ സമയത്ത് ലഭ്യമാക്കാത്തതുകൊണ്ട് ഭിന്നശേഷി കുട്ടികളുടെ മൂല്യനിർണയത്തിൽ വളരെ പ്രയാസപ്പെടുന്നു.

കാരണങ്ങൾ

- സ്ഥല പരിമിതി.
- അനുരൂപികരിച്ച ചോദ്യപേപ്പർ നിലവിൽ സിസ്റ്റത്തിൽ ഇല്ലാത്തത്.
- വിദ്യാലയത്തിലെ ഭൗതിക സൗകര്യങ്ങൾ കുറവായത്.സങ്കലിത വിദ്യാഭ്യാസം

**കാഴ്ചപ്പാട്**

ഭിന്നശേഷിയുള്ള കുട്ടികളോട് സമൂഹവും സംവിധാനവും സഹപാഠികളും സഹാനുഭൂതിയോടെയാണ് സമീപിക്കുന്നത്. അതിന്റെ ഭാഗമായാണ് വിദ്യാലയത്തിൽ വ്യക്തിഗതമായ അവരുടെ പ്രത്യേക ആവശ്യങ്ങളെ മുൻനിർത്തി അവരെ സഹായിക്കുന്ന തരത്തിൽ പഠനാന്തരീക്ഷവും, അനുപീകരണവും, സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ഒക്കെ ഒരുക്കിയിരിക്കുന്നത്. എങ്കിലും ഈ മേഖലയിൽ ഇനിയും ഏറെ ദൂരം മുന്നേറാനുണ്ട്. ആളുകളുടെ മനോഭാവത്തിൽ ഇനിയും മാറ്റം വന്നാൽ അവർക്ക് തുല്യനീതി ലഭിക്കുന്നതിന് സഹായകമാകും. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ആത്മവിശ്വാസവും ആത്മാഭിമാനവും ഉയർത്തുന്നതിനും അവരെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും നിരവധി പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ മറ്റു പ്രവർത്തനങ്ങളെ പോലെ പ്രാധാന്യത്തോടെ ഉൾപ്പെടുത്തേണ്ടതുണ്ട്.

**ലക്ഷ്യങ്ങൾ**

1, അടിസ്ഥാന ശേഷികൾ എല്ലാ പ്രത്യേക ആവശ്യം ഉള്ള കുട്ടികൾക്കും നേടാൻ കഴിയുന്ന രീതിയിൽ പരിശീലനം ലഭ്യമാക്കണം.

2. പരിഹാരബോധന ക്ലാസ്സ് കൂടുതൽ ഊർജ്ജിതമാക്കണം.

3. പരിഹാരബോധന ക്ലാസ്സ് നടത്തുന്നതിന് ആവശ്യമായ റിസോഴ്സ് റൂമിന്റെയും പഠനബോധന സാമഗ്രികളുടെയും ലഭ്യത ഉറപ്പുവരുത്തണം.

4. സ്കൂളിലെ കലാമേളകളിലും കായിക മേഖലകളിലും ഭിന്നശേഷി കുട്ടികളുടെ കഴിവിന് അനുസരിച്ചുള്ള പങ്കാളിത്തം ഉറപ്പുവരുത്തണം.

5. സ്കൂളിലെ അക്കാദമിക പ്രവർത്തനത്തിൽ എന്നപോലെ ക്ലബ്ബ് പ്രവർത്തനത്തിലും ക്ലാസ്സ് സഭ പോലെയുള്ള പ്രവർത്തനങ്ങളിലും പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികളുടെ പങ്കാളിത്തം ഉണ്ട് എന്ന് ഉറപ്പുവരുത്തണം.

അവസ്ഥാ പഠനം

മേഖല :റിസോർസ് റൂം പ്രവർത്തനം

| | | |
|---|---|---|
| ആഴ്ചയിൽ നാല് ദിവസം സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനം ലഭിക്കുന്നു | വിദ്യാലയത്തിൽ നിലവിൽ റിസോഴ്സ് റൂം സൗകര്യം ഇല്ല. | പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നു. 30% |

മേഖല: അക്കാദമികം

| | | |
|---|---|---|
| അധ്യാപകർ അതാത് വിഷയത്തിൽ ക്ലാസ് റൂം പ്രവർത്തനത്തിൽ നടത്തുന്ന അനുരൂപീകരണം 40% | സ്പെഷ്യൽ എജ്യുകേറ്ററുടെ സഹായത്തോടെ പ്രശ്നം പരിഹരിക്കുന്നു. 40% | ക്ലാസ് റൂമിൽ നിലവിൽ കുട്ടികളുടെ എണ്ണം കൂടുതലായതുകൊണ്ട് ഈ അവസ്ഥ സാധ്യമല്ല. |

മേഖല: പരിഹാരബോധന ക്ലാസ്

| | | |
|---|---|---|
| എല്ലാ കുട്ടികൾക്കും വ്യക്തിഗത സപ്പോർട്ട് സ്പെഷ്യൽ എഡ്യൂക്കേറ്റർ ഉറപ്പുവരുത്തുന്നു. 90 % | അധ്യാപകരുടെ സഹായത്തോടെ പ്രശസ്ത് സ്ക്രീനിംഗ് ടൂൾ വഴി കുട്ടികളുടെ പ്രശ്നങ്ങൾ നേരത്തെ തിരിച്ചറിഞ്ഞ് കൃത്യമായ അസ്സസ്മെന്റ് നടത്തി അവരെ മികവിലേക്കെത്തിക്കുന്നു. 60% | പ്രധാന അധ്യാപികയും അതാത് ക്ലാസ് അധ്യാപകരും സ്പെഷ്യൽ എജ്യുകേറ്ററും ഒത്തൊരുമിച്ച് രക്ഷിതാക്കൾക്ക് അവർ എങ്ങനെയാണ് കുട്ടികളുടെ നിലവാരം ഉയർത്തുന്നതിന് ഇടപെടേണ്ടത് എന്ന വ്യക്തമായ ധാരണ നൽകുന്നു. 50 % |

മികവുകൾ

സ്കൂൾ കലോത്സവങ്ങളിലും കായികമേളയിലുമുള്ള പ്രത്യേക പരിഗണനന അർഹിക്കുന്ന കുട്ടികളുടെ പങ്കാളിത്തം.

ആത്മവിശ്വാസത്തോടെ പരിപാടി

അവതരിപ്പിക്കാൻ ഇപ്പോൾ കുട്ടികൾക്കുള്ള ആത്മവിശ്വാസം.

70% കുട്ടികളുടെയും എഴുത്തും വായനയും മെച്ചപ്പെടുത്താൻ കഴിഞ്ഞു.

പോരായ്മകൾ

- ക്ലാസ് റൂമുകളിൽ  കുട്ടികളുടെ എണ്ണം കൂടുതൽ ആയത് അനുരൂപീകരണ പ്രവർത്തനം ഫലപ്രദമായി നടത്താൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
- റിസോർസ് റൂം ലഭ്യമാവാത്തതിനാൽ പരിഹാരബോധന ക്ലാസുകളുടെ സ്ഥിരമായ ഇടപെടലുകൾ നടത്താൻ പ്രയാസപ്പെടുന്നു.
- അനുരൂപീകരിച്ച ചോദ്യപേപ്പർ പരീക്ഷാ സമയത്ത് ലഭ്യമാക്കാത്തതുകൊണ്ട് ഭിന്നശേഷി കുട്ടികളുടെ മൂല്യനിർണയത്തിൽ വളരെ പ്രയാസപ്പെടുന്നു.

കാരണങ്ങൾ

- സ്ഥല പരിമിതി.
- അനുരൂപികരിച്ച  ചോദ്യപേപ്പർ നിലവിൽ സിസ്റ്റത്തിൽ ഇല്ലാത്തത്.
- വിദ്യാലയത്തിലെ ഭൗതിക സൗകര്യങ്ങൾ കുറവായത്.
- അനുരൂപീകരിച്ച പാഠ്യപദ്ധതിയുടെയും പുസ്തകത്തിന്റെയും അഭാവം.
- റിസോർസ് മുറിയുടെയും ഉപകരണങ്ങളുടെയും അഭാവം.
- ഉൾച്ചേർന്ന വിദ്യാലയവും വിദ്യാഭ്യാസവും സമൂഹവും എന്ന ആശയം കൃത്യമായി ആളുകൾക്ക് ബോധ്യപ്പെടാത്തത്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ മലയാളം യു പി

## കാഴ്ച പ്പാട്

4. ഭാഷ കേട്ട് മനസിലാക്കാനുള്ള കഴിവ് നേടണം
5. തെറ്റ് കൂടാതെ എഴുതാനും വായിക്കാനും അറിഞ്ഞിരിക്കണം
6. ആശയ ഗ്രഹണേത്തൊടുള്ള വായന സാധിതമാക്കണം
7. സ്വതന്ത്ര രചനയിലും ഭാഷണത്തിലും നൈപുണ്യം നേടണം
8. സർഗാത്മക തലത്തിലുള്ള വികാസം
9. [രചന ,ആവിഷ്കരണം]വഴി ഓരാ വർഷവും അഞ്ചു കുട്ടികെളയെകിലും സാഹിത്യപ്രതിഭകൾ ആക്കുക.
10. ഐടി അടക്കമുള്ള സാധ്യതകൾ ഉപേയാഗിച്ച് വിവരശേഖരണം നടത്തണം.

## ലക്ഷ്യം

കേട്ടു മനസിലാക്കാനും ,തെറ്റുകൂടാതെ എഴുതാനും ,ആശയ ഗ്രഹണേത്തൊട വായിക്കാനും,സ്വതന്ത്ര രചന നടത്തുവാനും സർഗാത്മ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും , ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളെ പ്രാപ്തരാക്കുക.

അവസ്ഥാ പഠനം ( ശതമാനത്തിൽ )

മേഖല : വായന

| ക്ലാസ് | സ്വതന്ത്രമായി ആശയവ്യക്തത യൊടെ വായിക്കുന്നു. | പരസഹായേത്തൊടെ വായിക്കുന്നു. | വായനയിൽ ബുദ്ധിമുട്ട് അനുഭപ്പെടുന്നു. |
|---|---|---|---|
| V | 35 | 54 | 11 |
| VI | 48 | 43 | 9 |
| VII | 67 | 27 | 6 |

മേഖല : ലേഖനം

| ക്ലാസ് | ആശയ വ്യക്തതയൊടെ ,അക്ഷര തെറ്റില്ലാതെ ഒഴുക്കൊടെഎഴുതു ന്നു. | ചിഹ്നങ്ങൾ ,വാക്യ ക്രമീകരണം , ആഖ്യാന ശൈലിയിലെ ബോധമില്ലായ്മ ഭാഗികമായ്അക്ഷര തെറ്റ് , | അക്ഷരെത്തറ്റ് ധാരാളമുള്ളവ് ർ . |
|---|---|---|---|
| V | 33 | 54 | 13 |
| VI | 32 | 53 | 15 |
| VII | 49 | 43 | 8 |

മേഖല - സർഗാത്മകത

| ക്ലാസ് | സാഹിത്യ ആസ്വാദന മേഖലയിൽ മികവു പുലർത്തുന്നു. സ്വതന്ത്ര രചന നടത്തുന്നു | സർഗാത്മ അഭിരുചി ഇനിയും നേടേണ്ടവർ. | ആസ്വാദന തലത്തിലേക്ക് എത്തിച്ചേരണ്ടവർ |
|---|---|---|---|
| V | 21 | 56 | 23 |
| VI | 24 | 58 | 18 |
| VII | 33 | 56 | 11 |

പ്രശ്നങ്ങൾ

- ഭാഷ മനസിലാക്കാനും പറയാനുമുള്ള ശേഷിക്കുറവ്
- ആശയപ്രകടനത്തിനുള്ള ആത്മവിശ്വാസം ഇല്ലായ്മ
- മുഴുവൻ കുട്ടികൾക്കും തെറ്റുകൂടാത എഴുതാനും വായിക്കാനും കഴിയുന്നില്ല.
- കുട്ടികൾക്ക് സർഗാത്മ രചനയിൽ മികവ് പുലർത്താൻസാധിക്കുന്നില്ല

പ്രശ്നകാരണങ്ങൾ

- രക്ഷിതാക്കളുടെ സാമ്പത്തിക സാമൂഹിക പിന്നോക്ക അവസ്ഥ
- രക്ഷിതാക്കളുടെ വിദ്യാഭ്യാസ അപര്യാപ്തത.
- മൊബൈൽ ,ടിവിയുടെ നിയന്ത്രണമില്ലാത്ത ഉപയോഗം
- വായനയോടും ലേഖനത്തോടുമുള്ള വിമുഖത

## യുപി മലയാളം മാസ്റ്റർ പ്ലാൻ

വാർഷിക പ്ലാൻ

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണം |
|---|---|---|---|---|
| 1 | വായന | പിന്നോക്കാവസ്ഥയിലുള്ളവരുടെ പ്രവർത്തനങ്ങൾ.<br>വാക്യ ചാർട്ട്<br>അക്ഷര കേളി<br>പദവാ യന<br>വായനാ പൂരണം<br>ചിത്രവായന<br>അക്ഷര വാക്യ മത്സരം<br>കഥാ പൂരണം<br>കഥ പറയൽ<br>തെറ്റില്ലാത്ത വായന | 2 മാസം | വിദ്യാരംഗം, ക്ലാസ് അധ്യാപിക |
| | | പ്രതിഭകൾക്ക് പുസ്തകാസ്വാദനം<br>കവിതാലാപനം<br>വിമർശനാത്മക വായന<br>പത്രവായന<br>ആനുകാലികങ്ങൾ വായന | 2 മാസം | അധ്യാപകർ, വിദ്യാരംഗം കലാ സാഹിത്യ വേദി |
| | | ഭിന്നശേഷിക്കാർക്ക് ചിത്രവായന<br>അക്ഷരക്കൂട്ടം<br>കഥ പറയൽ | | |

# മലയാളം H S

**കാഴ്ചപ്പാട്**

11. അടിസ്ഥാന ഭാഷാശേഷികൾ കുട്ടികൾ നേടുന്നു.
12. ആശയ അവതരണത്തിന് ആവശ്യമായ നൂതന മാർഗങ്ങൾ പരിചയപ്പെടുത്തുന്നു.
13. സർഗാത്മക കഴിവുകൾ അവതരിപ്പിക്കാൻ അവസരം.
14. നിഘണ്ടു നിർമാണം (ഭാഷാ സൗന്ദര്യങ്ങൾ തിരിച്ചറിയുന്നു).

**ലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികളെയും അടിസ്ഥാന ഭാഷാശേഷി നേടിയവർ ആക്കുന്നു.
- അന്തർലീനമായ നൈപുണികൾ സ്വയം തിരിച്ചറിയാനും സർഗാത്മക രചനകളിലൂടെ അവതരിപ്പിക്കാനും അവസരം സജ്ജമാക്കുന്നു.
- വിവിധ സാഹിത്യ മേഖലകളെ പരിചയപ്പെടുത്തുന്നു.
- ഭാഷാപഠനത്തിൽ വൈവിധ്യമാർന്ന സാധ്യതകൾ, സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി പരിശീലനം നേടുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ച്യമതലകൾ |
|---|---|---|---|---|
| ● ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കുക<br>● അടിസ്ഥാന ഭാഷാശേഷി നേടുക | ● പ്രീ ടെസ്റ്റ്<br>● സ്വതന്ത്ര ഭാഷണം<br>● അക്ഷരം ഉറപ്പിക്കൽ<br>● ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>● അക്ഷര കാർഡ്നിർമ്മാണം<br>● അക്ഷരങ്ങൾ ചേർത്ത് വയ്ക്കുക<br>● അക്ഷരങ്ങളും ചിഹ്നങ്ങളും ചേർത്ത് വാക്കുകൾ നിർമ്മിക്കുക<br>● പദങ്ങൾ ചേർത്ത് വാക്യങ്ങൾ ഉണ്ടാക്കുക<br>● ചിത്രങ്ങൾ അഥവാ വീഡിയോ ഉപയോഗിച്ച് സംഭാഷണം കഥ തുടങ്ങിയവ പൂർത്തിയാക്കുക<br>● പിന്നോക്കകാർക്ക് പ്രത്യേക ക്ലാസ്സ് | ● ദീർഘം | ● പുസ്തകങ്ങൾ<br>● ലൈബ്രറി<br>● വീഡിയോ | ● അധ്യാപകർ<br>● PTA<br>● HM<br>● SRG |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതലകൾ |
|---|---|---|---|---|
| ● നിഘണ്ടു നിർമ്മാണം | ● ക്ലാസ് ലൈബ്രറി<br>● സ്കൂൾ ലൈബ്രറി<br>● മലയാളം നിഘണ്ടു പരിചയപ്പെടുന്നു<br>● വ്യക്തിഗത രചന<br>● E ലൈബ്രറി<br>● സാഹിത്യകൃതികൾ പരിചയപ്പെടുന്നു<br>● സമീപ ഗ്രന്ഥശാലയിൽ അംഗത്വം | ● ദീർഘം | ● ക്ലാസ്സ് ലൈബ്രറി<br>● സ്കൂൾ ലൈബ്രറി<br>● സമീപ ഗ്രന്ഥശാല | ● PTA<br>● SRG<br>● HM<br>● അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതലകൾ |
|---|---|---|---|---|
| • കുട്ടികളെ മികച്ച വായനക്കാർ ആക്കുക | • E വായന<br>• ആസ്വാദനം തയ്യാറാക്കൽ<br>• വായന അനുഭവം<br>• വായനോത്സവം<br>• ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി | • ദീർഘം | • ക്ലാസ്സ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• ആനുകാലികം തുടങ്ങിയവ<br>• ഇന്റർനെറ്റ് | • PTA<br>• SRG<br>• HM<br>• അധ്യാപകർ |

# കലണ്ടർ

**ജൂൺ** - ഉച്ചാരണ പഠനം ചിഹ്നങ്ങൾ ഉപയോഗിച്ച് പദനിർമ്മാണം , വായന മാസാചരണം.

**ജൂലൈ** - വായന മാസാചരണം ബഷീർ ദിനം

**ഓഗസ്റ്റ്** - ചിഹ്നങ്ങൾ ശരിയായി പ്രയോഗിക്കുവാൻ പഠിച്ച സമർത്ഥർക്ക് സമ്മാനങ്ങൾ നൽകുന്നു

**സെപ്റ്റംബർ** - കഥയരങ്ങ്, കവിയരങ്ങ്

**ഒക്ടോബർ** - സർഗചുവർ നിർമ്മാണം 1

**നവംബർ** - ഉച്ചാരണ പഠനം പൂർത്തിയാക്കുന്നു.

**ഡിസംബർ** - കുട്ടികളുടെ സർഗ്ഗസൃഷ്ടികൾ പ്രകാശനം

**ജനുവരി** - സർഗചുവർ നിർമ്മാണം 2

**ഫെബ്രുവരി** - അമ്മ വായന പതിപ്പ് തയ്യാറാക്കൽ

**മാർച്ച്** - പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചോദ്യാവലി നിർമ്മിച്ച പിയർ പിയർ ഗ്രൂപ്പ് പഠനം.

ST. VINCENT COLONY G H S S CALICUT

ACADEMIC MASTER PLAN

UP ENGLISH

VISION:

Systematic planning makes a classroom remarkable success in learning English language through the text book and other innovative methods. To develop and accelerate the ability to communicate well for effective classroom interaction and content transaction. Children attain the knowledge, skills, attitudes and values through subject related learning.

OBJECTIVES:

➤ To provide a vibrant platform to the learners to update their knowledge and skills in English language as well as to practice and sharpen their English language.
➤ To develop a passion for listening, speaking, reading, writing and to enthuse them to hone their own writing including creative writing.
➤ To provide hands on experience in designing and planning interesting, effective and innovative ways of learning in which learners can be engaged in a variety of activities that result in accelerated learning of English language.
➤ To create an awareness in the understanding of English as a global language and to gain an insight into the relationship between the teachers, parents and the society.
➤ To understand the process involved in writing paragraphs, dialogues, messages, placards, posters and stories.
➤ To analyse critically the texts and to allocate the available time in the most productive way
➤ To build up an English atmosphere in the the school and inculcate the values of English language and the habit of collaborative learning.
➤ To enhance the pupil's confidence in using English specially in various learning activities like seminars, debates and other discourses effectively.

## INTRODUCTION

Every class is likely to have learners from different socio-cultural background and obviously there exists a wide range of difference in their learning styles and receptive ability. Teaching to such heterogeneous group throws a number of challenges to any reflective teacher. Moreover, one of the common problems is disparity in competence of learners of the same class. This situation is more acute in the context of teaching-learning of English in a class of multi-level learners. Only a few learners possess fairly better proficiency level whereas others fail to perform minimum language skills. As a result, many teachers feel that addressing the requirements of low proficient and

above average learners by using the prescribed textbook seems to be a far-fetching dream. Academic supervisors disclose the fact that majority of learners seem to be hardly benefited by the usual deliberations of classroom teaching. Most of the time classroom process ends up in addressing average and above average learners. In such situation, basic questions that come to the mind of a sensible teacher are 'Should I be happy to reach some or all?" and "What else could be done to see that everyone is benefited by my efforts?" As we all know, we can never be successful in our teaching if we blindly stick to the texts and tasks provided in a prescribed textbook. As Sandra Lee McKay remarks 'local educators need to take ownership of the teaching of English and design pedagogies that are appropriate to the local culture of learning. 'We need to make them digestible to every learner in the class. Even the low proficient learners should reach at least minimum level of learning in terms of content and language experience in the process of classroom transaction. Thus, a serious classroom practitioner is expected to explore effective avenues to reach every learner with different learning potential and style. A few periodical interactions with classroom practitioners, both primary and secondary, and the experience of classroom observation revealed that the greater challenge before an English teacher is realizing the objectives of transacting a prescribed textbook in the class of learners who cannot understand either explanation in the target language or read the prescribed text on their own successfully. One standard reason that is often heard is lack of exposure in previous classes. It is true, but a responsible teacher needs to think of some practical solutions to address the problem.

**CURRENT LEVEL OF LEARNING**:

Learning of English as a second language has recently become more predominant in the school of Kerala with the introduction of innovative teaching learning practices. To make the learning easier faster enjoyable and effective a teacher has to endorse different and competent strategies in the classroom. This effort obviously demands thorough understanding of the problem. An analysis of the situation reveals the following facts.

- Lack of basic vocabulary and comprehensible input.
- Defect in registration of words, phrases and structures.
- Lack of opportunity to use the words in learners' store.
- No opportunity to use learn language in real life contexts.
- Children have no vocabulary to express their ideas. They are not able to construct apt sentences.
- Lack of facility makes them unable to listen English regularly.
- Lack of practice, necessary support and follow up.
- Unavailability of suitable learning materials Understanding of causes for the above said problem would certainly take us a long way in addressing the basic needs of learners in learning a foreign language. But most of the teachers end up giving the following excuses.
- Poor economic background of the learners.

Learners belong to first generation learners of English Illiteracy of parents, Learners belong to backward community, Lack of interest among learners, Difficult texts and concepts, Distraction by captivating media The above excuses seem to true outwardly but the fact is lack of comprehensible language input and opportunities to use the target language. Sensing the importance of addressing these fundamental aspects classroom practitioners would always be looking for more effective ways of enhancing learners' potential. It is in this process of quenching dissatisfaction a number of interesting ways of teaching have evolved. Substitute texts (sub-texts) or alternative texts are among the immediate practical solution to the said problem.

Many children are not able to read and comprehend the English language. They have very little vocabulary of their own. So, they can't express their feelings. And also, they didn't take any pain to gain their vocabulary.

Textbooks are usually prepared based on general notions of average learning probabilities of the learners. They are likely to be bound to certain predetermined standards. Consequently, they fail to provide same or similar benefits to the learners of varied level of proficiency and experience.

So, like mother preparing different dishes to different members of the family based on their needs and interest, teacher has to exhibit motherly concern to reach every child and enhance the level of learner by using differentiated texts to different learners.

| **Problem analysis-Format 1** | | |
|---|---|---|
| Area: Academic | | Subject: English |
| Problem: Lack of ability to construct sentences and use in the appropriate situation. 30% can't write properly, only 30% can speak properly.5% can't read properly | | |
| Pupil: Lack of facility to listen English at home | Provides more participation and arranges more facility to listen English | Presents Radio news, videos, poems, stories etc |
| Teacher: Teachers are unable to spend time for extra works due to vast content | Teacher takes some more time to spent | Provides Newspaper, Gives more practices for chunking and peer group reading |
| Parent: Lack of time and money to buy or spent with the pupils | Finds sponsors | Increases library consumption |
| Hypothesis : Conversation and description capabilities increased | | |

| Discourses/Activities | Learning Objectives | Learning Outcomes | Time Period | Tasks Involved | Assessment | Support | T L M |
|---|---|---|---|---|---|---|---|
| Lend your ear | Understand the need for careful listening | Can listen and respond appropriately | One Year | English Teachers | Listening, speaking, reading and writing skills | English Club | Oral and written activities |
| Follow Me If You Can | Understand the role of movement in communication and life | Can follow and respond to instructions | One Year | English Teachers | Listening, speaking, reading and writing skills | English Club | Performance-based assessment |
| Breaking News | Understand different sources of news | Can collect and present information | One Year | English Teachers | Listening, speaking, reading and writing skills | English club | Group activity |
| Treasure Hunt | Understand the importance of teamwork and problem-solving | Can participate in group tasks and solve problems | One Year | English Teachers | Listening, speaking, reading and writing skills | English Club | Observation |
| Reader's Theatre | Appreciate the art of performance and dramatization | Can read aloud and perform dialogues | One Year | English Teachers | Listening, speaking, reading and writing skills | English club | Peer feedback |
| My Droplets | Recognize the importance of water and its conservation | Can express ideas creatively through language | One Year | English Teachers | Listening, speaking, reading and writing skills | English club | Class magazine |

## Calender

| | |
|---|---|
| June - August | Listening and Speaking |
| September - February | Reading and Writing |

Situational Analysis

**Academic issue** : 30% learners don't have the ability to communicate in English

**Objective:** to enable the learners to use simple English in daily situations.

| Reasons | Remedial Measures | Activity |
|---|---|---|
| Learner<br>Consider English as a core subject. Unfamiliar words are beyond comprehension Limited chance to use English and daily life<br><br>Teacher<br>Lautane position to transact to different group of students In a class. | Promote communication skills<br><br>By farming English club learners can improve English through different activities. | English club :a platform<br><br>Open forum to read out literary genres<br><br>Dramatization on relevant themes<br>Role play<br>English reading corner |

ACADEMIC MASTER PLAN 2025-26

H S - ENGLISH

| Activity | Objectives | Process | Duration | Responsibility | Evaluation | Assistance | Product |
|---|---|---|---|---|---|---|---|
| Listening and speaking | To improve the listening and speaking skills | Pre recorded news reading Spoken English Workshop | 1 Year | English teachers | Experience of speaking in a classroom or public | PTA | Presenting a speech |
| Reading | To improve the reading skills through various stories and novels | Reading short stories and fiction | 1 month June | English teachers | Experience of reading | PTA | Writing a news report |
| Letter Writing and Poster Making | To enhance creative writing | Poster making with innovative ideas | 1month July | English teachers | Creative aspects | PTA | Informal letter |
| JAM Programme | Just a minute programs which game students to speak on various topics for a minute | Trying out contemporary new topics | 1Month August | English Teachers and club | Accent Vocabulary | PTA | Extempore |
| English Assembly | Dispel the stage fear of the students | Enriching confidence through speaking skills | 1 Year | English Teachers | Creative thinking and communication skills | English club | Elocution |
| Spell Bee | To get more acquaintance with the language through correct spelling | Accurate accent, memory test | 1month October | English club | To improve accent | English teachers | Memory games |
| Creative Writing and | To enhance students creativity | To be familiar with the | September to | English Club | To improve grammatical elements in | English teachers | Debate and group discussion |

| | | | | | | | |
|---|---|---|---|---|---|---|---|
| Grammar | through different activities<br><br>Focusing more on the grammar part | grammar part unconsciously while they communicate | January | | communication | | |

അക്കാദമിക മാസ്റ്റർ പ്ലാൻ

വിഷയം ഹിന്ദി- **UP**

കാഴ്ചപ്പാട്:

- बच्चों को बिना किसी त्रुटि के लिखने और पढ़ने की क्षमता हासिल करनी चाहिए
- उन्हें सुनने और समझने की क्षमता हासिल करनी चाहिए।
- वैचारिक समझ के साथ पढ़ना संभव होना चाहिए।
- स्वतंत्र लेखन और भाषा कौशल हासिल किए जाने चाहिए
- रचनात्मक स्तर पर विकास। (लेखन, अभिव्यक्ति)
- आईसीटी सहित संभावनाओं का उपयोग करके डेटा संग्रह किया जाना चाहिए।

ലക്ഷ്യം:

बच्चे को सुनने और समझने, त्रुटिरहित लिखने और पढ़ने, स्वतंत्र रूप से कार्य करने, रचनात्मक कौशल विकसित करने और आईसीटी की क्षमता का उपयोग करने में सक्षम बनाएं।

അവസ്ഥാ പഠനം

മികവുകൾ:

- 75% बच्चे बिना किसी गलती के पढ़ और लिख पाते हैं।
- 50% बच्चे अवधारणाओं को समझने में सक्षम हैं।
- बच्चों में हिंदी सीखने की रुचि है ।

പരിമിതികൾ:

- स्कूल के बाहर भाषा को सुनने, बोलने और प्रदर्शन करने के अवसर सीमित हैं।
- संचार कौशल की कमी से आत्मविश्वास कम होता है।

  35% बच्चे बिना गलती के पढ़ और लिख नहीं सकते।

- 35% बच्चे स्वतंत्र रूप से लिख नहीं सकते और रचनात्मक स्तर पर उत्कृष्टता हासिल नहीं कर सकते।

| UP HINDI | | | | | | | | |
|---|---|---|---|---|---|---|---|---|
| NO | പ്രവർത്തനം | ലക്ഷ്യം | പ്രക്രിയ | കാലാവധി | ചുമതല | വിലയിരുത്തൽ | പിന്തുണ | ഉത്പന്നം |
| 1. | ഹിന്ദി ഭാഷ താൽപര്യം ഉണ്ടാകുവാൻ ഹിന്ദി ആഗ്യപാട്ട്,ഹിന്ദി കാർട്ടൂൺ കഥകൾ എന്നിവ ICT യുടെ സഹായത്തോടെ ക്ലാസുകളിൽ നൽകുന്നു. | വിദ്യാർത്ഥി കാഴ്ചയിലൂടെയും കേൾവിയിലൂടെയും ഭാഷ സ്വയം സ്വായത്തമാക്കുന്നു. | ഹിന്ദി ഭാഷയിൽ വായന ക്കാട്ടുകൾ നിർമ്മിക്കുന്നു. | ജൂൺ മുതൽ സെപ്റ്റംബർ വരെ | ഹിന്ദി അധ്യാപിക | ഹിന്ദി പാട്ടുകൾ അവതരിപ്പിക്കൽ, ഹിന്ദിയിൽ വാചകങ്ങൾ കണ്ടെത്തി നോട്ട് ബുക്കിൽ എഴുതുന്നു. | PTA | വായന കാർഡ് |
| 2. | ഹിന്ദിയിൽ വിദ്യാർഥികൾ സ്വയം തയ്യാറാക്കിയ കവിതകൾ,ചെറിയ കഥകൾ,ചിത്രങ്ങൾ,വിവിധ രചനകൾ ഉൾപ്പെടുത്തി ഓരോ ക്ലാസിന്റെയും ഹിന്ദി ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു. | വിദ്യാർത്ഥി സ്വയം ഹിന്ദി വ്യാകരണ രൂപങ്ങൾ ഉൾപ്പെടുത്തി ഹിന്ദി ഭാഷയിൽ രചന സൃഷ്ടിക്കാൻ പ്രാപ്തതാകുന്നു. | ഡിജിറ്റൽ മാഗസിൻ നിർമ്മാണം. | ഒക്ടോബർ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | ഹിന്ദി ഭാഷ കൈകാര്യം ചെയ്യാൻ ആത്മവിശ്വാസം വർദ്ധിക്കുന്നു. | PTA | ഡിജിറ്റൽ മാഗസിൻ |

വാർഷിക കലണ്ടർ

- വായന കാർഡ് നിർമ്മാണം(ജൂൺ മുതൽ സെപ്റ്റംബർ വരെ)
- ഡിജിറ്റൽ മാഗസിൻ (ഒക്ടോബർ മുതൽ ഫെബ്രുവരി വരെ)

അക്കാദമിക് മാസ്റ്റർ പ്ലാൻ **H S HINDI**

മേഖല: അക്കാദമികം പൊതുവായ ലക്ഷ്യങ്ങൾ

1 സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി വായിക്കാനും സംസാരിക്കാനും ഉള്ള കഴിവ് വളർത്തിയെടുക്കുക

2 ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പാക്കുക

3 ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

4 ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക

5 ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു

എട്ടാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു ഉച്ചാരണം പരിചയപ്പെടുത്തുന്നു അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം, അക്ഷരങ്ങൾ എഴുതുന്ന രീതി കൂടുതലായി പരിചയപ്പെടുത്തുന്നു | ഹ്രസ്വം ജൂൺ- ജൂലൈ |
| ആഴ്ചയുടെ പേരുകൾ, എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | ക്ലാസിലെ ഓരോ വിദ്യാർത്ഥിനിയുടെയും ജനനത്തീയതി, പേര് ഹിന്ദിയിൽ എഴുതുവാൻ പറയുന്നു വർക്ക് ഷീറ്റുകൾ നൽകുന്നു ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു | മധ്യകാലം ഓഗസ്റ്റ് -സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കാനും പരിശീലിപ്പിക്കുന്നു വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് | കേട്ടെഴുത്ത്, പദസൂര്യൻ ,പ്രശ്നോത്തരി എന്നിവ നൽകുന്നു ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു | ഡിസംബർ - ജനുവരി |

| | | |
|---|---|---|
| ആശയം<br>അവതരിപ്പിക്കാൻ<br>കഴിയുന്നു | | |

ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു | വർക്ക് ഷീറ്റുകൾ നൽകുന്നു<br>ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു പാഠപുസ്തകം വായിപ്പിക്കുന്നു | ഹ്രസ്വം<br>ജൂൺ -ജൂലൈ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്ന പ്രവർത്തനങ്ങൾ<br>പരിചയപ്പെടുത്തുന്നു ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാൻ അറിയുന്നു | ചാർട്ടുകൾ നൽകുന്നു അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു<br>സൂചന ബോർഡ് എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു | മധ്യകാലം<br>ഓഗസ്റ്റ് -സെപ്റ്റംബർ |

| | | |
|---|---|---|
| പോസ്റ്റർ തയ്യാറാക്കുവാൻ അറിയിക്കുന്നു<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാൻ അറിയിക്കുന്നു | പോസ്റ്ററിന്റെ മോഡൽ നൽകുന്നു<br>വിവിധ വിഷയങ്ങൾ നൽകുന്നു ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു<br>മൂല്യനിർണയം നടത്തുന്നു<br>ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കുന്നു | ദീർഘം<br>നവംബർ- ഡിസംബർ |
| | | |
| | | |

പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു | സംഭാഷണം തയ്യാറാക്കാൻ പറയുന്നു<br>അവതരിപ്പിക്കാൻ പറയുന്നു | ഹ്രസ്വം<br>ജൂൺ -ജൂലൈ |
| സാഹിത്യ അഭ്യരുചി വളർത്തുക ഹിന്ദി വാരാഘോഷ സമയത്ത് വായന മികച്ച രീതിയിൽ നടത്തുന്നു കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു | പദ്യം ചൊല്ലൽ ,കഥ ,കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | മധ്യകാലം<br>ഓഗസ്റ്റ് ,സെപ്റ്റംബർ, ഒക്ടോബർ |

| | | |
|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നു കഥയെ തിരക്കഥയായി മാറ്റുന്നു<br>കുറിപ്പ് തയ്യാറാക്കുന്നു<br>ഡയറി എഴുതുവാനായി പറയുന്നു | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു എല്ലാദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു | ദീർഘം<br>നവംബർ- ജനുവരി |
| | | |
| | | |

## പ്രവർത്തന കലണ്ടർ

ജൂൺ

●മുൻ ഒരുക്ക പരീക്ഷയ്ക്ക് ആയുള്ള ചോദ്യപേപ്പർ തയ്യാറാക്കുന്നു

●ക്ലബ്ബ് രൂപീകരണം

ജൂലൈ

●ഹിന്ദി ദിനം ആചരണത്തിനുള്ള ഒരുക്കം ഓഗസ്റ്റ്

●അക്ഷരം ചിഹ്നം എന്നിവ ഉറപ്പിക്കൽ ●വ്യാകരണം പഠിപ്പിക്കുന്നു

സെപ്റ്റംബർ

●ചെറുവാചാകങ്ങൾ സ്വയം എഴുതാൻ പഠിപ്പിക്കുന്നു

●ഹിന്ദി ദിൻ -പ്രേംചന്ദ്ദിൻ കൊണ്ടാടുന്നതിനുള്ള ഒരുക്കം

ഒക്ടോബർ

●നാമം സർവ്വനാമം വിശേഷണം എന്നിവ പരിചയപ്പെടുത്തുന്നു

നവംബർ

●ഹിന്ദി കലണ്ടർ നിർമ്മാണം

●ചെറുകവിത കഥ എന്നിവ സ്വയം എഴുതുന്ന ,കുട്ടികൾ ക്ലാസിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുന്നു ഡിസംബർ

●ക്ലബ്ബ് പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നു

●ലോക ഹിന്ദി ദിനം കൊണ്ടാടുന്നതിന്റെ മുന്നൊരുക്കം, മത്സരങ്ങൾ ഏർപ്പെടുത്തുന്നു

ജനുവരി

●ഓരോ വിഷയത്തെക്കുറിച്ചും വിവരണം എഴുതുന്നതിന് കുട്ടികളെ തയ്യാറാക്കുന്നു

ഫെബ്രുവരി

●വാർഷിക പരീക്ഷയ്ക്കായുള്ള ഒരുക്കം മാർച്ച്

●എസ്എസ്എൽസി പരീക്ഷ

# U P സയൻസ്

## അക്കാദമിക് മാസ്റ്റർ പ്ലാൻ

| ക്രമ നം. | പ്രവർത്തനം | ലക്ഷ്യം | കാലാവധി | ചുമതല | വിലയിരുത്തൽ | പിന്തുണ | ഉൽപ്പന്നം |
|---|---|---|---|---|---|---|---|
